**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **23-08-2022 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്കായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് അതിദാരിദ്ര്യം നിർമാർജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **08/07/2022 തിയതിയിലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്കായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് അതിദാരിദ്ര്യം നിർമാർജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അതിദാരിദ്ര്യ നിർമാർജന ഉപ പദ്ധതിയുടെ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നാല് വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി ഒരു സബ് പ്ലാൻ ആയി അംഗീകരിച്ചിട്ടുണ്ട്. അതിദരിദ്രരെന്ന് കണ്ടെത്തിയ മുഴുവൻ പേരെയും ഈ അവസ്ഥയിൽ നിന്നും പുറത്ത് എത്തിക്കുന്നതിനാണ് ഈ ഉപപദ്ധതിയിൽ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ ഔപചാരിക ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും മേൽനോട്ടത്തിലുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോ പ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ അതിലെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കുന്നു.**<br><br>**1.ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)** |

| | | | |
|---|---|---|---|
| | | | **2.ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Plan)**<br><br>**3.ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)**<br><br>**മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്ഥാപന തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്.അതിദരിദ്രർക്കായുള്ള പദ്ധതികളുടെ തദ്ദേശ ഭരണസ്ഥാപനതല നിർവഹണ ഉദ്യോഗസ്ഥർ അതാത് വിഷയ മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ആയിരിക്കും. തദ്ദേശ സ്ഥാപന ഭരണ സമിതി ഓരോ രണ്ട് വർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം. സംസ്ഥാനത്തെ ദാരിദ്ര്യ നിർമാർജ്ജന മിഷൻ എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ കണ്ടെത്തിയിട്ടുള്ള അതിദാരിദ്ര്യർക്ക് വേണ്ടി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും മോണിറ്റർ ചെയ്യുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പിന്തുണ കുടുംബശ്രീ നൽകുന്നു.** |
| (ബി) | അതിദരിദ്രർക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; | (ബി) | **അതിദരിദ്രർക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. ആയത് തയ്യാറാക്കുന്നതിനുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. മൈക്രോ പ്ലാനിന്റെ ബ്ലോക്ക് തല ജില്ലാ തല ക്രോഡീകരണം ഉടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.** |
| (സി) | രാജ്യത്ത് ആദ്യമായി അതിദാരിദ്ര്യം തുടച്ച് നീക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ആദ്യഘട്ടമായി ഇത്തരത്തിൽപ്പെട്ടവരെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ടോ; ഇത്തരം കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **രാജ്യത്ത് ആദ്യമായി അതിദാരിദ്ര്യം തുടച്ച് നീക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ആദ്യഘട്ടമായി ഇത്തരത്തിൽപ്പെട്ടവരെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ട്.**<br><br>**ഇത്തരം കുടുംബങ്ങളുടെ വിവരങ്ങൾ ജില്ലതിരിച്ച് കണക്കാക്കിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |

| **ജില്ല** | **ആകെ** |
|---|---|
| മലപ്പുറം | 8553 |
| തിരുവനന്തപുരം | 7278 |
| കോഴിക്കോട് | 6773 |
| പാലക്കാട് | 6443 |
| എറണാകുളം | 5650 |
| | |

| | |
|---|---|
| തൃശ്ശൂർ | 5013 |
| കൊല്ലം | 4461 |
| കണ്ണൂർ | 4208 |
| ആലപ്പുഴ | 3613 |
| വയനാട് | 2931 |
| കാസറഗോഡ് | 2768 |
| ഇടുക്കി | 2665 |
| പത്തനംതിട്ട | 2579 |
| കോട്ടയം | 1071 |
| ആകെ | 64006 |

സെക്ഷൻ ഓഫീസർ